യിരത്തിനുശേഷവും ഈ രീതി തന്നെ തുടരുന്നു. കരാറിന്റെ ഒരു മാതൃക അനുബന്ധമായി കൊടുത്തിട്ടുണ്ട്.†.

(സി) ജലസേചന വകുപ്പിൽ ഒരു പണി ആവശ്യമായി വരിക യാണെങ്കിൽ ആ പണി നടത്തേണ്ട സ്ഥലത്തിന്റെ അധികാരപരിധിയിൽ വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ അടങ്കൽ തുക തയ്യാറാക്കുകയും അവ മേൽ ഉദ്യോസ്ഥന്മാർക്ക് നൽകുകയും അവരവരുടെ അധികാരപരിധിയിൽ നിർത്തി വേണ്ടുന്ന ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭ്യമാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പണികൾ പി.ഡബ്ല്യു.ഡി. മാനുവ ലിലും കോഡിലും പ്രതിപാദിക്കുന്ന പ്രകാരം ഏറ്റെടുത്ത് ചെയ്യുകയുമാണ് ഇന്നത്തെ രീതി. കരാറുകാർ ദർഘാസ് നല്കിയാൽ അവ സൂക്ഷ്മപരി ശോധനയ്ക്ക് വിധേയമായി വകുപ്പിന്റെയോ, സർക്കാരിന്റെയോ അനുമതിക്ക് വിധേയമായി കരാറുകാരെക്കൊണ്ട് പണി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ഇന്നത്തെ രീതി, നിലവിലുള്ള നിയമവ്യവസ്ഥകൾക്കനുസരണമാണ് പണി കൾ നടപ്പിലാക്കുന്നത്.

മേൽ സൂചിപ്പിച്ചത് കൂടാതെ 100 ലക്ഷം രൂപയിൽ കൂടുതൽ അടങ്കൽ തുകയ്ക്കുള്ള പണികൾക്കും സാങ്കേതിക പ്രാധാന്യമുള്ള ചില പണികൾക്കും പ്രീ ക്വാളിഫിക്കേഷൻ മുഖേന കരാറുകാരെ അവരുടെ പ്രവർത്തനപരിച യവും സാമ്പത്തിക കഴിവും കണക്കാക്കി തെരഞ്ഞടുത്ത് 'ഡബിൾ കവർ' സിസ്റ്റത്തിൽ മത്സരാടിസ്ഥാനത്തിൽ കരാർ നൽകാനുള്ള ഒരു സംവിധാനവും ഇറിഗേഷൻ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

സ്വാശ്രയ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ

18 (*637)ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടിക ജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് എന്തെ ങ്കിലും ആനുകൂല്യങ്ങൾ സർക്കാർ നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി.ഇ എൽ.ബി.എസ്സ് എന്നീ സ്വാശ്രയസ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എച്ച്.ആർ.ഡി.ഇ. എൽ.ബി.എസ്. എന്നീ സ്ഥാപനങ്ങളിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചെന്ന് കണക്കാക്കി യിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ള എല്ലാ സ്വാശ്രയസ്ഥാപനങ്ങളിലും ഐ.എച്ച്.ആർ.ഡി.ഇ.-എൽ.ബി.എസ് എന്നീ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഇതര സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടിക ജാതി/പട്ടികവർഗ്ഗ മറ്റ് അർഹതപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി.ഇ., എൽ.ബി.എസ്. എന്നീ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും ഉയർന്ന നിരക്കിലുള്ള ഫീസാനുകൂല്യവും അർഹമായ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്നു.

(സി) കണക്കുകൾ ലഭ്യമായിട്ടില്ല. ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് ഉയർന്ന നിലയിലുള്ള ഫീസാനുകൂല്യവും അർഹമായ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

വൻകിട ജലസേചനപദ്ധതികളുടെ നടത്തിപ്പ്

19 (*638) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട ജലസേചനപദ്ധതികളുടെ നടത്തിപ്പിൽ 'കോൺട്രാക്ടേഴ്സ് ഓൺ സിസ്റ്റം' എന്ന ഒരു രീതി 1994-ൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധമായി 17.04.1995-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉത്തരവ് പിന്നീട് താല്ക്കാലികമായി നിറുത്തി വച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ ഉത്തരവ് പിന്നീട് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ;

(ഡി) ഈ ഉത്തരവനുസരിച്ച് ടെൻഡർ ചെയ്ത പണികൾ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായത്തിൽ ഗുണകരമായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly